ഉത്തരം

(എ) 8 എണ്ണം.

(ബി&സി) ഉപഭോക്താവുമായി വൈദ്യുതി നൽകുന്നതിനുള്ള എഗ്രിമെന്റ് വയ്ക്കുന്നതിനും കണക്ഷൻ നൽകുന്നതിനും കെട്ടിടത്തിന്റേതായ നമ്പർ അഥവാ അംഗീകരിക്കപ്പെട്ട പ്ലാൻ, പെർമിറ്റ്, ഉടമസ്ഥാവകാശം അഥവാ കൈവശാവകാശം ഇവ സംബന്ധിച്ച രേഖകൾ തുടങ്ങിയവ ഒഴിച്ചുകൂടാനാവാത്തവയാണ്.

വൈദ്യുതി കണക്ഷൻ നൽകിയത് സംബന്ധിച്ച കേസ്

127 (3929) ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി ഇലക്ട്രിക്കൽ ഡിവിഷനിലെ കൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷനിൽ കൺസ്യൂമർ നമ്പർ-ജി-5683-ൽ ഗാർഹിക ആവശ്യത്തിന് 4 വൈദ്യുതി പോസ്റ്റുകൾ സ്ഥാപിച്ച് അഗ്രികൾച്ചർ പർപ്പസിന് എന്ന വ്യാജേന കണക്ഷൻ നൽകിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

(സി) അഗ്രികൾച്ചർ സ്കീമിൽ വൈദ്യുതി കണക്ഷൻ നൽകാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മാത്രം അധികാരം ഉള്ളപ്പോൾ ഈ കേസ് സംബന്ധിച്ച് വൈദ്യുതി ബോർഡിന് 70,000 രൂപയോളം നഷ്ടമുണ്ടാക്കിയ അന്നത്തെ ഓച്ചിറ അസിസ്റ്റന്റ് എഞ്ചിനീയർക്ക് എതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മിനിമം ഗ്യാരന്റിയിൽ എഗ്രിമെന്റ് വച്ച പദ്ധതികൾ

128 (3930) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജൂൺ മാസം മുതൽ 2003 മേയ് മാസം വരെ തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മിനിമം ഗ്യാരണ്ടിയിൽ എഗ്രിമെന്റ് വച്ച് എത്ര പദ്ധതികൾ നടപ്പിലാക്കിയെന്നും ഇവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച എത്ര പദ്ധതികൾ നടപ്പിലാക്കാനുണ്ടെന്നും അവ ഏതൊക്കെയാണെന്നും എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly